# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1210

30.09.2011 ൽ മറുപടിയ്ക്ക്

## കാർഷിക വായ്പ എഴുതിത്തള്ളൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിന്റെ നെല്ലറയായ പാലക്കാടിലെ നെൽകർഷകർക്ക് സഹകരണ വകുപ്പ് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിക്കൊടുക്കുന്നതെന്ന് വിശദമാക്കുമോ; | (എ) നെൽകർഷകർക്ക് നെൽകൃഷിക്കായി പലിശ രഹിത വായ്പ വിതരണം ചെയ്തു വരുന്നു. കൊയ്ത്തിന് തൊഴിലാളി ദൗർലഭ്യം അനുഭവപ്പെടുന്ന സാഹചര്യത്തിൽ കർഷകരെ സഹായിക്കാൻ താൽപര്യമുള്ള സഹകരണ സംഘങ്ങൾക്ക് കൊയ്ത്തുമെതി യന്ത്രം വാങ്ങുന്നതിന് യന്ത്രത്തിന്റെ വിലയുടെ പരമാവധി 20% വരെ ഇൻസെന്റീവ് നൽകുന്ന പദ്ധതിയും നിലവിലുണ്ട്. |
| (ബി) കാർഷിക വായ്പയ്ക്ക് സഹകരണ സംഘങ്ങൾ എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത്; | (ബി) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഹ്രസ്വകാല കാർഷികവിള വായ്പകൾക്ക് 7% പലിശയും, 50,000 രൂപ വരെയുള്ള ദീർഘകാല വായ്പകൾക്ക് 11.50% പലിശയും, 50,000/- രൂപയ്ക്ക് മുകളിലുള്ള ദീർഘകാല വായ്പകൾക്ക് 13% പലിശയുമാണ് ഈടാക്കുന്നത്. |
| (സി) കാലവർഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ചാൽ വായ്പ എഴുതിത്തള്ളുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; അപ്രകാരം ലഭിച്ച എത്ര അപേക്ഷകളാണ് പരിഗണനയിലുള്ളത്; പാലക്കാട് ജില്ലയിൽ അത്തരം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത അപേക്ഷകളിന്മേൽ വായ്പ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (സി) കാലവർഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ചാൽ വായ്പ എഴുതി തള്ളുന്നതിന് സംഘങ്ങൾ/ബാങ്കുകൾക്കായി സഹകരണ വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികളോ പ്രത്യേക സംവിധാനമോ നിലവിലില്ല. അപ്രകാരം അപേക്ഷകളൊന്നും തന്നെ സംസ്ഥാനത്ത് പാലക്കാട് ജില്ലയുൾപ്പെടെ സഹകരണ വകുപ്പിന്റെ പരിഗണനയിലില്ല. |

(ഡി) 01.06.2006 മുതൽ 01.03.2011 വരെ എത്ര കോടി രൂപയുടെ കാർഷിക വായ്പകളാണ് എഴുതിത്തള്ളിയത്; ജില്ലാടിസ്ഥാനത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഒറ്റപ്പാലത്തെ വിവിധ സഹകരണ ബാങ്കുകൾ കാർഷിക വായ്പ എഴുതിത്തള്ളിയതിന്റെ അപേക്ഷയുൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; അതിന്മേൽ എന്ത് നടപടി സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഡി) കേന്ദ്ര കാർഷിക കടശ്വാസവും എഴുതിതള്ളലും പദ്ധതി 2008 ഉൾപ്പെടെയുള്ള പദ്ധതികൾ പ്രകാരം സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ 1128.56 കോടി രൂപയുടെ കാർഷിക വായ്പകൾ എഴുതി തള്ളിയിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| | |
|---|---|
| തിരുവനന്തപുരം | - 251.65 |
| കൊല്ലം | - 65.41 |
| പത്തനംതിട്ട | - 22.32 |
| ആലപ്പുഴ | - 67.72 |
| കോട്ടയം | - 64.89 |
| ഇടുക്കി | - 102.69 |
| എറണാകുളം | - 24.89 |
| തൃശ്ശൂർ | - 30.66 |
| പാലക്കാട് | - 83.95 |
| മലപ്പുറം | - 24.06 |
| കോഴിക്കോട് | - 76.74 |
| വയനാട് | - 95.20 |
| കണ്ണൂർ | - 150.76 |
| കാസറഗോഡ് | - 67.62 |
| ആകെ | 1128.56 |

ഒറ്റപ്പാലം താലൂക്കിലെ വിവിധ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നായി 4669 കർഷകരുടെ 616 ലക്ഷം രൂപയുടെ കാർഷിക വായ്പകളാണ് സർക്കാർ എഴുതി തള്ളിയത്.

സെക്ഷൻ ഓഫീസർ